9634
26/4/17

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - പത്തനംതിട്ട നഗരസഭാ പരിധിയിൽപ്പെടുന്ന ഇൻഡസ് മോട്ടോഴ്സ് - പള്ളിപ്പടി റോഡ് കോൺക്രീറ്റിലെ ക്രമക്കേടുകൾ- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായിരുന്ന അന്തരിച്ച ബി.അജയകുമാറിനെതിരെ ആരംഭിച്ച അച്ചടക്കനടപടി - ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇഡബ്ല്യൂ) വകുപ്പ്**

സ.ഉ.(സാധാ) നം.1308/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 24/04/2017.

---

പരാമർശം:- 1. വിജിലൻസ് (ഡി) വകുപ്പിന്റെ 16.06.2016-ലെ 5721/ഡി1/2016/വിജി നമ്പർ കത്ത്.

2. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 10.05.2016 ലെ ഇ 3(ക്യൂ.വി 04/15/പി.ടി.എ)27857/2014 നമ്പർ കത്ത്.
3. 10.02.2017-ലെ 248/ഇ.ഡബ്ല്യൂ1/2016/തസ്വഭവ. നമ്പർ കത്ത്.
4. 27/01/2017-ലെ 248/ഇ.ഡബ്ല്യൂ1/2016/തസ്വഭവ. നമ്പർ കുറ്റപത്രം/ കുറ്റാരോപണ പത്രിക.
5. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 27.02.2017-ലെ ഇ 12/2150/17/സിഇ/തസ്വഭവ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ പത്തനംതിട്ട മുനിസിപ്പാലിറ്റി പരിധിയിൽപ്പെടുന്ന വരുവാതിൽപ്പടി - മനയത്ത്പടി റോഡ് പണികളിലെ ക്രമക്കേടുകളെപറ്റിയും, സ്വകാര്യ വ്യക്തിയുടെ വഴി കൃത്രിമ രേഖകൾ ചമച്ച് മുനിസിപ്പൽ റോഡാണെന്ന് വരുത്തി സർക്കാർ ഫണ്ട് അപഹരണം നടത്തുന്നുവെന്ന ആരോപണത്തിന്മേൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പത്തനംതിട്ട നഗരസഭയിൽ നടത്തിയ സത്വരാന്വേഷണത്തിൽ താഴെ പറയുന്ന ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു.

ഫയൽ നം. എഫ്-4/13527/13 പ്രകാരം വർക്ക് ചെയ്ത റോഡ് സ്വകാര്യ വഴിയാണെങ്കിലും ഒന്നിൽ കൂടുതൽ വീട്ടുകാർ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. അങ്ങനെയുള്ള ഒരു വഴി മുനിസിപ്പാലിറ്റിയുടെ ഫണ്ട് ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യുന്നതിന് മുൻപ് ടി വഴിയുടെ ഉടമസ്ഥരിൽ നിന്ന് സമ്മതപത്രം വാങ്ങി പ്രസ്തുത വഴി മുനിസിപ്പാലിറ്റി ഏറ്റെടുത്ത് അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തി ആയത് പൊതുവഴി ആക്കുന്നതിന് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിൽ പത്തനംതിട്ട നഗരസഭയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായിരുന്ന ശ്രീ.ബി.അജയകുമാർ, അസിസ്റ്റന്റ് എൻജിനീയറായ ശ്രീ. ശിവപ്രസാദ്.സി.എസ്, 2-ാം ഗ്രേഡ് ഓവർസീയറായ ശ്രീ. വിനോദ്.വി.സി എന്നിവർ വീഴ്ച വരുത്തിയിട്ടുണ്ട്.

മേൽ ക്രമക്കേടിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കാൻ വിജിലൻസ് വകുപ്പ് പരാമർശം 1പ്രകാരം ശുപാർശ ചെയ്തിരുന്നു. പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ പത്തനംതിട്ട നഗരസഭയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറായിരുന്ന ശ്രീ.ബി.അജയകുമാർ, അസിസ്റ്റന്റ് എൻജിനീയറായ ശ്രീ. ശിവപ്രസാദ്.സി.എസ്, 2-ാം ഗ്രേഡ് ഓവർസീയറായ ശ്രീ. വിനോദ്.വി.സി എന്നിവർക്ക് പരാമർശം 4 പ്രകാരം കുറ്റപത്രം/കുറ്റാരോപണപത്രിക നൽകിയിരുന്നു.

എന്നാൽ പരാമർശം 5 പ്രകാരമുള്ള ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിൽ പത്തനംതിട്ട നഗരസഭയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ബി.അജയകുമാർ എക്സിക്യൂട്ടീവ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ചുവരവെ 08.06.2016 ൽ മരണപ്പെട്ടതായി അറിയിക്കുകയുണ്ടായി.

സേവനത്തിലിരിക്കെ മരണപ്പെട്ടതിനാലും കുറ്റപത്രം/ കുറ്റാരോപണ പത്രിക എന്നിവ കൈപ്പറ്റിയിട്ടില്ലാത്തതിനാലും പത്തനംതിട്ട നഗരസഭയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന ബി.അജയകുമാറിനെതിരെ ആരംഭിച്ച അച്ചടക്ക നടപടി ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വി.പി. ശ്രീജിത്ത്**
അണ്ടർ സെക്രട്ടറി

1. അന്തരിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.ബി.അജയകുമാറിന്റെ അവകാശികൾ, (തസ്വഭവ. ചീഫ് എഞ്ചിനീയർ മുഖാന്തിരം).
2. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), തിരുവനന്തപുരം.
4. സെക്രട്ടറി, പത്തനംതിട്ട നഗരസഭ.
5. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
6. വിജിലൻസ് (ഡി) വകുപ്പ്.
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ